ഉത്തരം

(എ) നെന്മാറ സബ് രജിസ്ട്രാർ ഓഫീസിലെ 9-6-2008-ലെ 2119/2008-ാം നമ്പർ ആധാരപ്രകാരം.

(ബി) 14-7-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3173/2014/ റവന്യൂ പ്രകാരം ലാൻഡ് ബോർഡ് സെക്രട്ടറി അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നെല്ലിയാമ്പതിയിൽ തർക്കവിധേയമായ മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് ഒരു സ്പെഷ്യൽ സർവ്വേ ടീമിനെ രൂപീകരിക്കാൻ സർവ്വേ ഡയറക്ടറെ ചുമതലപ്പെടുത്തി 12-11-2014-ലെ സ.ഉ.(സാധാ)നമ്പർ5473/2014/റവന്യൂ നമ്പരായി സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ടീമിന്റെ സർവ്വേ നടപടി നടന്നുവരുന്നു.

വെള്ളായണി കായലോരത്തെ വസ്തു കൈമാറ്റങ്ങളും കയ്യേറ്റങ്ങളും

197 (1253) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വെള്ളായണി കായലിന്റെ വിസ്തൃതി 1924-ലെ സർവ്വേ ഓഫ് ഇന്ത്യയുടെ കണക്കുപ്രകാരം എത്രയാണെന്ന് വ്യക്തമാക്കുമോ ; നിലവിലെ വിസ്തൃതി റവന്യൂ രേഖകൾ പ്രകാരം എത്രയാണ് ;

(ബി) കായലോരത്ത് 2010-ന് ശേഷം നടന്ന ഭൂമാഫിയയുടെ വസ്തു കൈമാറ്റങ്ങളും കയ്യേറ്റങ്ങളും പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(സി) പ്രസ്തുത ഇടപാടുകളിൽ ഉന്നത സർക്കാർ ഉദ്യോഗസ്ഥർക്കുള്ള പങ്കിനെക്കുറിച്ചും. അവരുടെയും ബിനാമികളുടെയും പേരിൽ നടന്ന കൈമാറ്റങ്ങളെക്കുറിച്ച് പരിശോധിക്കുമോ ?

ഉത്തരം

(എ) 1924-ലെ സർവ്വേ ഓഫ് ഇന്ത്യയുടെ കണക്കുപ്രകാരം വെള്ളായണി കായലിന്റെ വിസ്തൃതി ലഭ്യമല്ല. റവന്യൂ രേഖകൾ പ്രകാരം നിലവിലെ വിസ്തൃതി 172.87.00 ഹെക്ടർ (426.98.890 ഏക്കർ) ആണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly